ഐ. ആർ. ഡി. പി. യിലേക്ക് 1986-87 ലേക്ക് നീക്കിവെച്ചിട്ടുള്ള തുക

358. [465] ശ്രീ. എം. എം. ഹസ്സൻ :
,, തോപ്പിൽ രവി :
,, പി. പി. തങ്കച്ചൻ :
,, സ്റ്റീഫൻ പാദുവ :
,, റ്റി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. യിലേക്ക് നടപ്പു സാമ്പത്തിക വർഷത്തിൽ നീക്കിവെച്ചിട്ടുള്ള തുക എത്ര ;

(ബി) 1986 സെപ്റ്റംബർ 30 വരെ വാർഷിക ലക്ഷ്യത്തിന്റെ എത്ര ശതമാനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) സബ്സിഡിക്കായി നടപ്പുവർഷത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്ര ;

(ഡി) 1986 സെപ്റ്റംബർ 30 വരെ ചെലവാക്കിയ സംഖ്യ എത്ര ?

ഉത്തരം

(എ) ഐ. ആർ. ഡി. പി. യിലേക്ക് നടപ്പു സാമ്പത്തിക വർഷത്തിൽ മൊത്തം 1477.97 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) 1986 സെപ്റ്റംബർ 30 വരെ ഭൗതിക ലക്ഷ്യത്തിന്റെ 77 % വും സാമ്പത്തികലക്ഷ്യത്തിന്റെ 64 % വും നേട്ടം കൈവരിച്ചിട്ടുണ്ട്.

(സി) ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 1180 ലക്ഷം രൂപ സബ്സിഡിയായി നടപ്പുവർഷത്തിൽ നീക്കിവച്ചിട്ടുണ്ട്.

(ഡി) 1986 സെപ്റ്റംബർ 30 വരെ ഐ. ആർ. ഡി. പി. പദ്ധതിയിൽ 943.10 ലക്ഷം രൂപ മൊത്തം ചെലവായിട്ടുണ്ട്. ഇതിൽ 823.92 ലക്ഷം രൂപ സബ്സിഡിയായി ചെലവാക്കിയതാണ്.

1986-87-ലെ എൻ. ആർ. ഇ. പി. പണികളുടെ കാലതാമസം

359. [468] ശ്രീ വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87-ലെ എൻ. ആർ. ഇ. പി. പദ്ധതികളുടെ വിശദാംശങ്ങൾ തിരുവനന്തപുരം ഡി. ആർ. ഡി. എ. അംഗീകാരത്തിനായി അയച്ചത് സെക്രട്ടേറിയറ്റിൽ കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് ;

(സി) ഇതിന് അനുവാദം നൽകിയോ ;

(ഡി) എങ്കിൽ എന്ന് ;

(ഇ) ഈ പദ്ധതി അനുസരിച്ച് ഒരു പണിയും പുതുതായി തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇക്കാര്യത്തിൽ അനുവാദം ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.
(ബി) 23-8-1986.
(സി) നൽകി.
(ഡി) 8-10-1986
(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ചോദ്യമുദിക്കുന്നില്ല.

എൻ. ആർ. ഇ. പി. മുഖേനയുള്ള സാമൂഹ്യ വനവൽക്കരണം

360. [469] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ആർ. ഇ. പി. പ്രകാരം സാമൂഹ്യ വനവൽക്കരണത്തിന് വേണ്ടി 1986-87-ൽ അനുവദിച്ച തുകയെത്ര ;

(ബി) ഇതിൽ സെപ്റ്റംബർ 30 വരെ എന്തു തുക ചെലവാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടക്കുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) 1986-87-ൽ 346.40 ലക്ഷം രൂപയാണ് സാമൂഹ്യ വനവൽക്കരണത്തിനുവേണ്ടി അനുവദിച്ചിട്ടുള്ളത്. ഇതിനുപുറമേ 86.59 ലക്ഷം രൂപയ്ക്കുള്ള 5170 മെ. ടൺ ഭക്ഷ്യധാന്യവും അനുവദിച്ചിട്ടുണ്ട്.

(ബി) സെപ്റ്റംബർ 30 വരെ 189.60 ലക്ഷം രൂപ സാമൂഹ്യ വനവൽക്കരണത്തിനുവേണ്ടി ചെലവായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്.

(ഡി) അന്വേഷണം നടത്തിവരുന്നു.

ഗ്രാമവികസനത്തിന് കേന്ദ്ര സർക്കാർ 1986-87-ൽ അനുവദിച്ച തുക

361. [470] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രാമവികസനത്തിനുവേണ്ടി 1836-87 സാമ്പത്തികവർഷം സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ച തുകയെത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ഗ്രാമവികസനത്തിനുവേണ്ടി 1986-87 സാമ്പത്തികവർഷം ഓരോ പദ്ധതിക്കുവേണ്ടി കേന്ദ്രസർക്കാർ 15-10-1986 വരെ അനുവദിച്ച തുക താഴെ പറയും പ്രകാരമാണ്.

ഐ. ആർ. ഡി. പി.	369.497	ലക്ഷം രൂപ
എൻ. ആർ. ഇ. പി.	519.60	,,
ആർ. എൽ. ഇ. ജി. പി.	1211.20	,,
ചെറുകിട പരിമിത കർഷകർക്കുള്ള സഹായം	56.62	,,

ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടി

362. [471] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടിയനുസരിച്ച് സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം ഇതുവരെ എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

† അനുബന്ധം—IV.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ല

(1)	(2)	(3)
1. കണ്ണൂർ	20	14
2. എടയ്ക്കാട്	14	11
3. കൂത്തുപറമ്പ്	11	7
4. പേരാവൂർ	23	16
5. ഇരിട്ടി	17	12
6. ഇരിക്കൂർ	25	18
7. തളിപ്പറമ്പ്	58	40
8. പയ്യന്നൂർ	39	30
9. തലശ്ശേരി	5	7
	212	155

കാസർകോഡ് ജില്ല

(1)	(2)	(3)
1. കാസർകോട്	51	35
2. നീലേശ്വരം	30	30
3. മഞ്ചേശ്വരം	72	45
4. കാഞ്ഞങ്ങാട്	62	45
	215	155

അനുബന്ധം—IV

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (469) കാണുക.

ജില്ല	ചെലവഴിച്ച തുക (ലക്ഷത്തിൽ)
തിരുവനന്തപുരം	10.90
കൊല്ലം	12.95
ആലപ്പുഴ	4.88
പത്തനംതിട്ട	12.79
കോട്ടയം	20.01
ഇടുക്കി	35.15
എറണാകുളം	13.49
തൃശ്ശൂർ	45.18
പാലക്കാട്	10.02
മലപ്പുറം	3.36
കോഴിക്കോട്	6.46
വയനാട്	7.26
കണ്ണൂർ	3.16
കാസർകോട്	3.99
ആകെ തുക	189.60

LIBRARY ARCHIVES Kerala Legislative Assembly